**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **07-06-2021 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത് കേസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സ്വർണ്ണക്കടത്ത് കേസ്സ് ഉൾപ്പെടെ നിരവധി കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ട സ്വപ്ന സുരേഷിനെ കേന്ദ്ര ഏജൻസികൾ കസ്റ്റഡിയിൽ എടുത്തതിനെ തുടർന്ന് ഇവരുടെ സുരക്ഷയ്ക്കായി സംസ്ഥാന പോലീസ് സേനയിലെ എത്ര വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു എന്നും അവർ ആരെല്ലാമെന്നും ഓരോരുത്തരും എന്നുമുതലാണ് പ്രസ്തുത ചുമതലയിൽ ഉണ്ടായിരുന്നതെന്നും അറിയിക്കുമോ; | (എ) | സ്വർണ്ണക്കടത്ത് കേസ്സ് ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതി ചേർക്കപ്പെട്ട സ്വപ്ന സുരേഷിനെ കേന്ദ്ര ഏജൻസികൾ കസ്റ്റഡിയിൽ എടുത്തതിനെ തുടർന്ന് ഇവരുടെ സുരക്ഷക്കായി നിയോഗിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി നൽകുന്നു. |
| (ബി) | ഇപ്രകാരം സുരക്ഷാ ചുമതല നിർവ്വഹണത്തിന് നിയമിച്ചിരുന്ന ഉദ്യോഗസ്ഥരിൽ ആരെങ്കിലും പോലീസ് അസോസിയേഷന്റെ ഏതെങ്കിലും ഭാരവാഹിത്വം എപ്പോഴെങ്കിലും വഹിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ ആയതിന്റെ വിശദ വിവരം ലഭ്യമാക്കുമോ; | (ബി) | ഉദ്യോഗസ്ഥരിൽ 2 പേർ പോലീസ് അസോസിയേഷന്റെ പ്രസിഡന്റായും സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പറായും ഭാരവാഹിത്വം വഹിച്ചിരുന്നു. |
| (സി) | സ്വപ്ന സുരേഷിന്റെ ശബ്ദരേഖ പുറത്തുവന്നതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ച് ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും ആരൊക്കെയാണ് അന്വേഷണ ടീമിൽ ഉള്ളതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വെളിപ്പെടുത്തുമോ? | (സി) | സ്വപ്ന സുരേഷിന്റെ ശബ്ദരേഖ പുറത്തു വന്നത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഒരു സ്പെഷ്യൽ ടീമിനെയാണ് ചുമതലപ്പെടുത്തിയത്. ടീമിലെ അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ബിജുമോൻ ഇ.എസ്, അഡീഷണൽ എസ്.പി., തിരുവനന്തപുരം റൂറൽ 2. അഭിലാഷ് കെ.വി, ഡിറ്റക്ടീവ് ഇൻസ്പെക്ടർ, ക്രൈംബ്രാഞ്ച്, ഈഞ്ചയ്ക്കൽ 3. നിഷാന്ത് കെ.എൽ, പോലീസ് ഇൻസ്പെക്ടർ, എസ്.എസ്.ബി. തിരുവനന്തപുരം റൂറൽ ഡിറ്റാച്ച്മെന്റ് 4. കൃഷ്ണൻ പോറ്റി കെ.ജി., എസ്.ഐ, ഹൈടെക് സെൽ, പി.എച്ച്.ക്യു. സ്പെഷ്യൽ ടീം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് പോലീസ് സ്റ്റേഷനിൽ ക്രൈം. നം.94/2021 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് ടി നടപടിക്കെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ബഹു.കേരള ഹൈക്കോടതിയെ [ WP(C) No.7641/2021(E)] സമീപിച്ചതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 16.04.2021 ലെ ഉത്തരവ് പ്രകാരം ബഹു.കോടതി ടി കേസിന്റെ എഫ്.ഐ.ആറും ആയതിന്മേലുള്ള മറ്റ് തുടർനടപടികളും 'ക്വാഷ്' ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ശ്രീമതി സ്വപ്ന സുരേഷിന്റെ സുരക്ഷയ്ക്കായി നിയോഗിക്കപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം**

| Name & GL No. of Women Police Officer | Dates of Escort Duty |
|---|---|
| CPO 9367 Rejimol | 11.08.2020,13.08.2020, 15.08.2020, 17.08.2020 |
| CPO 13866 Saritha | 06.08.2020,09.08.2020 |
| CPO 9682 Sheeja | 11.08.2020 |
| CPO 9168 Jancy | 06.08.2020 to 14.08.2020 |
| CPO 12709 Shyma | 05.08.2020 to 17.08.2020 |
| CPO 10193 Hema | 09.08.2020 to 12.08.2020 & 15.08.2020 |
| CPO 13870 Jesna | 13.08.2020 to 18.08.2020 |
| SCPO 10015 Bindhumol CP | 06.08.2020,10.08.2020, 16.08.2020 |
| SCPO 10259 Rajumol KC | 08.08.2020,14.08.2020 |
| SCPO 11520 Jumaila | 12.08.2020 |
| SCPO 9386 Baby Varghese | 17.08.2020 |
| SCPO 9845, Agnes | 17.08.2020 |
| SCPO 10004, Sini C.P | 05.08.2020 to 09.08.2020 |
| SCPO 10263, Beena.P.B. | 07.08.2020,08.08.2020 |
| KAP CPO 9237, Ajitha Mohan | 11.08.2020 to 18.08.2020 |
| KAP CPO 9189, Jayasree V | 22.09.2020 to 25.09.2020 |
| CPO 12705,Geethu Prabhakaran | 24.09.2020 |
| CPO 13899, Renjini V.S | 06.08.2020 to 18.08.2020 |
| KAP CPO 9208 Shanthini | 13.07.2020 to 28.07.2020 |
| SCPO 10253, Sindhu | 23.09.2020 to 27.09.2020 |
| CPO E 9692 Siji Vijayan | 06.08.2020 to 16.08.2020 |
| CPO 12715 Praveena Gopalakrishnan | 13.07.2020 to 24.07.2020 |